Registered KL/CR/TCR/353/2006-08
Licence No. KL/TCR/WPP-18/2006-2008
Licenced to post without prepayment
Posted at Thrissur RMS/2 on 25/2/2008

**Keraleeyam**
2008 February

Rs. 20/-

● ദർശനം


ഫോട്ടോ : എൻ.എ. നസീർ

# അനീതി

ജിദ്ദു കൃഷ്ണമൂർത്തി
പരിഭാഷ : സുമൻ കെ.ബി.

ലോകത്തിൽ പ്രാപഞ്ചികമായ നീതിയുടെ ഒരു പ്രകടനവും കാണാത്തതിനാൽ, സ്വയം മാറാനോ കലുഷമായ ഈ സമൂഹത്തെ മാറ്റാനോ നിർബന്ധിക്കുന്ന കാരണമൊന്നും കിട്ടുന്നില്ല. പ്രവൃത്തികളുടെയും അതിന്റെ ഭവിഷ്യത്തുകളുടെയും ഫലം തിരിച്ചറിയാൻ യുക്തമായ ഒരു മാനദണ്ഡവും കാണുന്നില്ല. ഈ വിഷയത്തെക്കുറിച്ചുള്ള താങ്കളുടെ കാഴ്ചപ്പാട് ഞങ്ങളുമായി പങ്കുവെക്കാമോ?

**ലോകത്തിൽ** നീതി ഉണ്ടോ? എല്ലാ തത്വചിന്തകരേയും അലട്ടിയ പ്രശ്നമാണിത്. അവർ പലതും എഴുതിപ്പിടിപ്പിച്ചു. ലോകത്തിൽ നീതി ഉണ്ടോ? യുക്തിസഹവും പാവനവുമായ നീതി. നിങ്ങൾ ബുദ്ധിമാനാണ്. ഞാൻ അല്ല. നിങ്ങൾക്ക് ധനമുണ്ട്. എനിക്കില്ല. നിങ്ങൾക്ക് കഴിവുണ്ട് - മറ്റൊരാൾക്കില്ല. നിങ്ങൾ സമ്പത്തോടെ ജനിക്കുന്നു - ഞാൻ പാവപ്പെട്ടവനായും. ഒരാൾക്ക് ഗുരുതരമായ രോഗമുണ്ട് - മറ്റൊരാൾക്കില്ല. ഇതെല്ലാം കാണുമ്പോൾ എവിടെയെങ്കിലും നീതി ഉണ്ടായിരിക്കണം എന്ന് നാം ശഠിക്കുന്നു. ഈ നീതിയില്ലായ്മയിൽ നിന്നും നീതി എന്ന ആശയത്തിലേക്ക് നാം കടക്കുന്നു-'ദൈവം നീതി ആകുന്നു' എന്നാൽ ലോകത്തിൽ നീതിയില്ല എന്ന സത്യം അവശേഷിക്കുന്നു.

ചോദ്യകർത്താവ് പറയുന്നത് - "ലോകത്തിൽ നീതി ഇല്ലാത്തതിനാൽ, ഞാൻ എന്തിന് മാറണം, അതിന് എന്താണ് പ്രസക്തി; ഭരണാധികാരികൾ സർവ്വാധികാരങ്ങളും കയ്യാളുന്നു. ഒരു നീതിയുമില്ലാതെ അവർ ലക്ഷക്കണക്കിന് ജനങ്ങളെ പീഡിപ്പിക്കുന്നു. ഇതെല്ലാം കാണുമ്പോൾ സ്വയം മാറേണ്ടതിന്റെ ഒരു യുക്തിയും കാണുന്നില്ല" എന്നാണ്. ഇത് യുക്തിസഹമായ ഒരു ചോദ്യമല്ല എന്നാണ് എനിക്ക് പറയാനുള്ളത്. നിങ്ങൾ സമ്മർദ്ദങ്ങളാലോ, അല്ലെങ്കിൽ എന്തെങ്കിലും പ്രതിഫലം കിട്ടാനോ ആണോ മാറേണ്ടത്? പ്രതിഫലം ഇച്ഛിച്ചോ, ശിക്ഷ ഭയന്നോ ഉള്ള മാറ്റം സാധ്യമാണോ?

ലോകത്തിലുടനീളം മനുഷ്യർ തികച്ചും യുക്തിരഹിതരാണ്. മനുഷ്യസമൂഹത്തിന്റെ ഭാഗമെന്ന നിലയ്ക്ക് നിങ്ങളും അങ്ങനെതന്നെ. നിങ്ങൾ മാനവരാശി ആകയാൽ പൂർണ്ണമായ ഉത്തരവാദിത്വം നിങ്ങളിൽ നിക്ഷിപ്തമാണ്. അല്ലാതെ ലോകത്തിൽ അനീതി കാണുന്നതുകൊണ്ടല്ല മാറേണ്ടത്. സൂത്രശാലികൾ എല്ലാം തട്ടിയെടുക്കുന്നു. അല്ലെങ്കിൽ കോടിക്കണക്കിന് ആളുകൾ പട്ടിണിയിൽ കഴിയുമ്പോൾ മനോഹരമായ സൗധങ്ങളും അതിരുകടന്ന സമ്പത്തുമായി പള്ളികൾ നിലകൊള്ളുന്നു. ഈ വൈരുദ്ധ്യം കാണുന്നതുകൊണ്ടല്ല നിങ്ങൾ മാറേണ്ടത്.

മാറ്റം സമ്മർദ്ദംകൊണ്ടോ, പ്രതിഫലംകൊണ്ടോ, ശിക്ഷകൊണ്ടോ കൈവരില്ല. മനസ്സ് ഇതിന്റെയെല്ലാം പൊള്ളത്തരം തിരിച്ചറിയുന്നു. മാറ്റത്തിന്റെ അനിവാര്യത മനസ്സിലാക്കുന്നു. അല്ലാതെ ദൈവമോ, പൂജാരിയോ, മറ്റൊരാളോ മാറാൻ നമ്മോട് പറയുന്നതുകൊണ്ടല്ല.

ചുറ്റുമുള്ള ക്രമരാഹിത്യം ഒരാൾ കാണുന്നു. മനുഷ്യനാണ് ഇതെല്ലാം നിർമ്മിച്ചത്. ഞാനും ഈ മനുഷ്യകുലത്തിൽ തന്നെ. അതുകൊണ്ട് ഞാൻ എന്തെങ്കിലും ചെയ്യേണ്ടതാണ്. അത് എന്റെ ഉത്തരവാദിത്വമാണ്. പ്രാപഞ്ചികമായ ഉത്തരവാദിത്വം.

*കൃഷ്ണമൂർത്തിയുടെ*
*'ചോദ്യോത്തരങ്ങൾ' എന്ന*
*പുസ്തകത്തിൽനിന്ന്*

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21.
Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9446576943, E-mail : keraleeyamtcr@rediffmail.com